## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>തൊഴിലുറപ്പ് പദ്ധതി പ്രകാരം 200 ദിവസം തൊഴിൽ</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3022**

03.04.2013 ൽ മറുപടിക്ക്

ചോദ്യം.

ശ്രീമതി കെ. എസ്. സലീഖ

ഉത്തരം.

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും
വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മുഴുവൻ ജില്ലകളും വരൾച്ചാബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ച സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 200 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ വരൾച്ചാബാധിത പ്രദേശ ളിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാമെന്ന് നിയമത്തിൽ വ്യവസ്ഥയുള്ളത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | 100 ദിവസങ്ങളിലധികം തൊഴിൽ ദിനങ്ങൾ നൽകുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | സംസ്ഥാനത്ത് മുമ്പ് 4 ജില്ലകളെ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിച്ചപ്പോൾ തൊഴിൽ ദിനം 150 ആയി വർദ്ധിപ്പിച്ചത് പോലെ തൊഴിൽദിനങ്ങൾ 200 ആക്കി ഉയർത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന്റിപ്പോർട്ട് നൽകാനും ആയത് നേടിയെടുക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | പരിഗണനയിലില്ല. |
| (ഡി) | നിലവിൽ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി മുഖേന ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഓരോരുത്തർക്കും ലഭിക്കുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ ഓരോരുത്തർക്കും ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ 49 ആണ് |
| (ഇ) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളി | (ഇ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ |

| | | | |
|---|---|---|---|
| | കൾക്ക് കുടിശ്ശികയായി എന്തു തുക 2013 ഫെബ്രുവരി 28 വരെ നൽകാനുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | | പണിയെടുക്കുന്ന തൊഴിലാളികൾക്ക് 2013 ഫെബ്രുവരി 28 വരെ കുടിശ്ശികയായി കൊടുക്കേണ്ട തുക ചുവടെ ചേർക്കുന്നു. |
| (എഫ്) | സംസ്ഥാനത്ത് നിലവിൽ എത്ര പേർ ഇതേവരെ തൊഴിലുറപ്പ് പദ്ധതിയിൽ അംഗമായിട്ടുണ്ടെന്നും ഇനി ഏതൊക്കെ പുതിയ വിഭാഗങ്ങളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ? | (എഫ്) | 2012-13 സാമ്പത്തിക വർഷത്തിൽ എം.ഐ.എസ് റിപ്പോർട്ട് പ്രകാരം 02.04.2013 വരെ 2546456 കുടുംബങ്ങൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് ഗ്രാമീണ മേഖലയിൽ താമസക്കാരായ കുടുംബങ്ങളിലെ പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ ആവശ്യപ്പെടുന്നതിനും, തൊഴിൽ ആവശ്യപ്പെട്ടാൽ പരമാവധി 15 ദിവസത്തിനകം, ഒരു കുടുംബത്തിൽ ഒരു സാമ്പത്തിക വർഷം 100 ദിവസം എന്ന പരിധിക്ക് വിധേയമായി തൊഴിൽ ലഭിക്കുന്നതിനും അവകാശമുണ്ട്. |

| ജില്ല | കുടിശ്ശിക (തുക ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 1348.21 |
| കൊല്ലം | 243.84 |
| പത്തനംതിട്ട | 479.62 |
| ആലപ്പുഴ | 1269.99 |
| കോട്ടയം | 219.07 |
| ഇടുക്കി | 290.97 |
| എറണാകുളം | 770.86 |
| തൃശ്ശൂർ | 637.13 |
| പാലക്കാട് | 641.01 |
| മലപ്പുറം | 1107.18 |
| കോഴിക്കോട് | 1165.33 |
| വയനാട് | 238.93 |
| കണ്ണൂർ | 545.02 |
| കാസർഗോഡ് | 309.47 |
| ആകെ | 9266.63 |

| | | | |
|---|---|---|---|
| | | | എന്നാൽ ഇനിയും പദ്ധതിയിൽ രജിസ്റ്റർ ചെയ്യാത്ത അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, അംഗവൈകല്യം സംഭവിച്ചവർ, മറ്റ് പിന്നോക്കവിഭാഗങ്ങൾ എന്നിവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രാമുഖ്യം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ